# മഹാതമാഗാന്ധി  ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി


# സോഷ്യൽ ഓഡിറ്റ്റിപ്പോർട്ട്

## കിഴുവിലം  ഗ്രാമപഞ്ചായത്ത്

വാർഡ് നമ്പർ **6(** മാമംനട**)**

**ചിറയിൻകീഴ് ബ്ലോക്ക്**

**തിരുവനന്തപുരം ജില്ല**




**സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ :-26/11/2019**


മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ്  നിയമം

സോഷ്യല്  ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)

LMS കോമ്പൗണ്ട് ,പാളയം,തിരുവനന്തപുരം . 03

ഫോണ്  നമ്പര്  0471-2724696.Email.keralasocialaudit@gmail.com

# സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ

# ചിറയിൻകീഴ് ബ്ലോക്ക്

# കിഴുവിലം ഗ്രാമപഞ്ചായത്ത്

## <u>വാർഡ് നമ്പർ 6 ( മാമംനട)</u>

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പനിയമം ദാരിദ്ര്യ ലഘൂകരണത്തിന് വേണ്ടി കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ്. 2005 സെപ്റ്റംബർ അഞ്ചിന് തൊഴിലുറപ്പ് നിയമം പാസ്സാക്കി . 2006 ഫെബ്രുവരിയിൽ 2 നു പദ്ധതി നിലവിൽ വന്നു. ഇന്ത്യയിലെ 200 ജില്ലകളിലാണ് ആരംഭത്തിൽ പദ്ധതി നടപ്പിലാക്കിയത്. 2006ൽ കേരളത്തിൽ വയനാട്, പാലക്കാട് ജില്ലകളിൽ തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചു. 2008 ഓടെ കേരളത്തിലെ എല്ലാ ജില്ലകളിലും തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കി. ഗ്രാമ പ്രദേശങ്ങളിൽ താമസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 100 അധിക തൊഴിൽ ദിനങ്ങൾ നൽകുന്നതിലൂടെ ദാരിദ്ര്യം ലാഹൂകരിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖല, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. തൊഴിലുറപ്പുപദ്ധതിയിൽ ഇടനിലക്കാർ ഇല്ല. തുടക്കത്തിൽ 125 രൂപ കൂലിയിൽ നിന്നും ഘട്ടം ഘട്ടമായി 271 രൂപ നിലവിൽ ലഭിക്കുന്നു. തൊഴിൽ ഉറപ്പ് നിയമം സെക്ഷൻ 17(A) പ്രകാരമാണ് സോഷ്യൽ ഓഡിറ്റ് നടത്തണം എന്ന് നിഷ്കർഷിക്കുന്നത്. ഫയൽ പരിശോധന, ഫീൽഡ് പരിശോധന, തൊഴിലാളികളുമായി ഉള്ള ആശയവിനിമയത്തിന് ശേഷമാണ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടത്തുന്നത്. ഈ ഗ്രാമസഭയിൽ തൊഴിലാളികളിൽ നിന്ന് ഒരാളെയാണ് അധ്യക്ഷയായി തിരഞ്ഞെടുക്കുന്നത്.

## *10* അവകാശങ്ങൾ

1. തൊഴിൽ കാർഡിനായി അപേക്ഷിക്കുവാനും 15 ദിവസത്തിനകം ലഭിക്കുവാനുമുള്ള അവകാശം.

2. തൊഴിൽ ആവശ്യപെടുവാനും 15 ദിവസങ്ങൾക്കുള്ളിൽ ലഭിക്കുവാനുമുള്ള അവകാശം.

3. 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം.

4.. ഏറ്റെടുക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം.

5. താമസസ്ഥലത്തിന്റെ 5km ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനുള്ള അവകാശം.

6. കുടിവെള്ളം, തണൽ, പ്രാഥമിക ശുശ്രൂഷ കിറ്റ്, തൊഴിലാളികളോടൊപ്പം അഞ്ചിലധികം കുട്ടികൾ വന്നിട്ടുണ്ടെങ്കിൽ അവരെ നോക്കാനായി ആയ തുടങ്ങിയ പ്രവൃത്തിസ്ഥല സൗകര്യങ്ങൾക്കുള്ള അവകാശം.

7. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കാനുമുള്ള അവകാശം.

8. തൊഴിൽ ചെയ്തു 15 ദിവസത്തിനകം കൂലി ലഭിക്കുവാനുള്ള അവകാശം.

9. 15 ദിവസത്തിനകം കൂലി ലഭിച്ചില്ലെങ്കിൽ നഷ്ടപരിഹാരം ലഭിക്കിവാനുള്ള അവകാശം.

10. പരാതികൾക്ക് സമയബന്ധിതമായി പരിഹാരം ലഭിക്കുവാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെലവ് വരുന്ന തുകയുടെ തത്സമയ സാമൂഹിക പരിശോധന നടത്തുവാനുള്ള അവകാശം.

# ഫയൽ പരിശോധന റിപ്പോർട്ട്

| പ്രവർത്തിയുടെ കോഡ് | ആരംഭിച്ച തീയതി | അവസാനിപ്പിച്ച തീയതി | അനുവദിച്ച തുക | ചിലവാക്കിയ തുക |
|---|---|---|---|---|
| DP/269471 | 22/10/2018 | 23/10/2018 | 496000 | 132406 |
| DP/262553 | 19/02/2019 | 18/12/2019 | 176300 | 354283 |
| WH/211379 | 26/07/2019 | 07/09/2018 | 70005 | 66217 |

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴിൽ ബ്ലോക്കിലെ കിഴുവിലം ഗ്രാമപഞ്ചായത്ത് 6ആം വാർഡ് മാമംനട 26 ജൂലൈ മുതൽ മാർച്ച് വരെയുള്ള സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്.

**പാട്ടകൃഷി:-**

DP/269471 31 തൊഴിലാളികൾ 478 പ്രവർത്തനങ്ങളിൽ ആയി 10 സ്വകാര്യവ്യക്തികളുടെ വസ്തുവിൽ ആണ് പാട്ടകൃഷി നടത്തിയതായി കാണാൻ സാധിച്ചത്. മരച്ചീനി, വാഴ, ചേന, ചേമ്പ് ഇഞ്ചി, മഞ്ഞൾ തുടങ്ങിയ പച്ചക്കറികളാണ് കൃഷി ചെയ്തിരുന്നത്.

**മണ്ണ് ജലസംരക്ഷണം:-**

DP/262553 (മണ്ണ് ജലസംരക്ഷണം ഖണിത 5 പ്രകാരമുള്ള ഗുണഭോക്താക്കൾക്ക്) 5 സ്വകാര്യവ്യക്തികളുടെ പുരയിടങ്ങളിൽ ആയാണ് പരിശോധന നടത്തിയത് എം ബുക്ക് പ്രകാരം 19 മഴക്കുഴികൾ ആണ് കാണേണ്ടിയിരുന്നത്. എന്നാൽ 9 മഴക്കുഴി മാത്രമാണ് കാണാൻ സാധിച്ചത് അതിൽ രണ്ടെണ്ണം ഉപയോഗശൂന്യം ആയിരുന്നു.

**പൊളയിൽ ഏലത്തോട് ബണ്ട് കെട്ടി സംരക്ഷണം:-**

WH/211379, 40 തൊഴിലാളികൾ 221 പ്രവർത്തി ദിവസങ്ങളിലായി ആണ് ഏലത്തോട് ബണ്ട് പണി പൂർത്തീകരിച്ചത്.

## **ഫയൽ പരിശോധന റിപ്പോർട്ട്**

👉 കവർപേജ്:-

✔ എഎം സി പ്രകാരമുള്ള കവർപേജ് ആയിരുന്നു.

✖ ജിയോ ടാഗിംഗ് ഓഫ് അസറ്റ്, അസറ്റ് ഐഡി, ജിപിഎസ് ലൊക്കേഷൻ എന്നിവ ഇല്ലായിരുന്നു.

👉 ചെക്ക് ലിസ്റ്റ് ഓഫ് ഡോക്യുമെന്റ്:-

✔ ചെക്ക് ലിസ്റ്റ് ഓഫ് ഡോക്യുമെന്ററി ഉണ്ടായിരുന്നു പൂർണമായിരുന്നു.

👉 ആക്ഷൻ പ്ലാൻ കോപ്പി:-

✔ ആക്സിഡന്റ് കോപ്പി ഉണ്ടായിരുന്നു.

✖ അധികാരികളുടെ ഒപ്പ്, ഡേറ്റ് എന്നിവയില്ലായിരുന്നു.

👉 എസ്റ്റിമേറ്റ്:-

✔ എസ്റ്റിമേറ്റ് ഉണ്ടായിരുന്നു

👉 അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ:-

✔ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ ഉണ്ടായിരുന്നു

✔ അഡ്മിനിസ്ട്രേറ്റീവ് സന്ദേശങ്ങൾ സെക്രട്ടറിയുടെ തീയതി, സീൽ ഇല്ലായിരുന്നു.

👉 ടെക്നിക്കൽ സാങ്ക്ഷൻ:-

✔ ടെക്നിക്കൽ സെക്ഷൻ ഉണ്ട്.

✖ എന്നാൽ ഡേറ്റ് ഇല്ലായിരുന്നു.

👉 ഡ്രോയിങ് ആൻഡ് ഡിസൈൻ:-

✔ ഡ്രോയിങ് ഡിസൈൻ ഉണ്ടായിരുന്നു.

👉 ഡിമാൻഡ് ഫോം:-

✔ ഡിമാൻഡ് ഫോം ഉണ്ട്

👉 വർക്ക് അലോട്ട്മെന്റ് ഫോം:-

✔ വർക്ക് അലോട്ട്മെന്റ് ഫോം ഉണ്ട്.

👉 ഫയൽ ടേക്കിങ് ഫോം:-

✔ DP/262553, WH211379 എന്നീ ഫയലുകളിൽ ഫയൽ ടാകിംഗ് ഉണ്ടായിരുന്നു.

✖ DP/269471 എന്ന ഫയലിൽ ഫയൽ ടേക്കിങ് ഫോം ഇല്ലായിരുന്നു.

👉 മൂല്യനിർണയ സാക്ഷ്യപത്രം:-

✔ മൂല്യനിർണയ സാക്ഷ്യപത്രം ഉണ്ടായിരുന്നു.

👉 മസ്റ്ററോൾ മൂവ്മെന്റ് സ്ലിപ്പ്:-

✔ മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ് ഉണ്ടായിരുന്നു.

👉എഫ് ഡി ഓ :-

✔എഫ് ഡി ഓ ഉണ്ടായിരുന്നു.

👉 വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ്:-

✔ വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നു.

👉 മസ്റ്റർ റോൾ:-

✔ മൂന്നു ഫയലുകളിൽ ആയി 44 മാസ്റ്ററോൾ ഉണ്ടായിരുന്നു, 50 തൊഴിലാളികൾ, 1500 തൊഴിൽദിനങ്ങൾ.

✖ മസ്റ്റർ റോൾ നമ്പർ:5508ൽ ടോട്ടൽ ക്യാഷ് പെയ്മെന്റ് തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത് 6925 ആണ് വരേണ്ടത് എന്നാൽ 6900 ആണ് എഴുതിയിരിക്കുന്നത്.

✖ മസ്റ്റർ റോൾ നമ്പർ 7751 വെട്ട് തിരുത്തലുകൾ ഉണ്ടായിരുന്നു ടോട്ടൽ ക്യാഷ് പെയ്മെന്റ് 4155 ആണ് വരേണ്ടത് എന്നാൽ 4140 ആണ് എഴുതിയിരിക്കുന്നത്.

✖ മസ്റ്റർ റോൾ നമ്പർ 12474 ൽ 006/45 കൃഷ്ണൻകുട്ടി എന്ന തൊഴിലാളിയുടെ അറ്റൻഡൻസ് കോളത്തിൽ വെട്ടി തിരുത്തലുകൾ ഉണ്ടായിരുന്നു.

✖ മസ്റ്റർ റോൾ നമ്പർ 161821 വനജകുമാരി എന്ന തൊഴിലാളിയുടെ അറ്റൻഡൻസ് രേഖപ്പെടുത്തിയശേഷം ആബ്സെന്റ് രേഖപ്പെടുത്തിയിരിക്കുന്നു കൂടാതെ ടോട്ടൽ എമൗണ്ട്ലും ഷാർപ്പനിങ് ചാർജിലും വെട്ടി തിരുത്തലുകൾ ഉണ്ടായിരുന്നു.

✖ ഇതേ മസ്റ്റർ റോളിൽ ടോട്ടൽ അറ്റൻഡൻസ് 45 വരേണ്ട സ്ഥാനത്ത് 51 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ ഷാർപ്പ് റീചാർജ് 270 എന്ന് എഴുതേണ്ട സ്ഥാനത്ത് 370 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു, ടോട്ടൽ ക്യാഷ് പെയ്മെന്റ് 12465 ആണ് വരേണ്ടിയിരുന്നത് എന്നാൽ 14954 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

✖ മസ്റ്റർ റോൾ നമ്പർ 12367 06/30 വസന്ത എന്ന തൊഴിലാളിയുടെ രണ്ടാം ദിവസം അറ്റൻഡൻസ് രേഖപ്പെടുത്തിയ ശേഷം വെട്ടിരിക്കുന്നത് കാണാൻ കഴിഞ്ഞു.

✖ മസ്റ്റർ റോൾ നമ്പർ 24123 6/51 സാവിത്രി എന്ന തൊഴിലാളി ഏഴാം ദിവസം ഒപ്പിട്ടശേഷം അബ്സെന്റ് രേഖപ്പെടുത്തിയിരിക്കുന്നു.

✖ DP/269471 ൽ 12 മസ്റ്റർ റോൾ ഉണ്ടായിരുന്നു എന്നാൽ ഒന്നിലും തന്നെ ഡെയിലി അറ്റൻഡൻസിൽ ഡേറ്റുകൾ രേഖപ്പെടുത്തിയിരുന്നില്ല.

👉 ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫി:-

✖ ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫി ഉണ്ടായിരുന്നു.

👉 ജിയോ ടാഗിംഗ് ഓഫ് ഫോട്ടോഗ്രാഫി:-

✖ ജിയോ ടെക്നോ ഫോട്ടോഗ്രാഫി ഇല്ലായിരുന്നു.

👉 റോയൽറ്റി പെയ്മെന്റ് സ്ലിപ്പ്:-

✖ റോയൽറ്റി പെയ്മെന്റ് സ്ലിപ്പ് ഉണ്ടായിരുന്നു.

👉സൈറ്റ്  ഡയറി:-

✔️ സൈറ്റ് ഡയറി ഉണ്ടായിരുന്നു.

✖️ എന്നാൽ കൺവീനറുടെ ഫോൺ നമ്പർ ഇല്ലായിരുന്നു.

👉 എം ബുക്ക്:-

✔️ എം ബുക്ക് ഉണ്ടായിരുന്നു പൂർണമായിരുന്നു. എം ബുക്ക് ലെ തുകയും മസ്റ്റർ റോളിലെ ആകെത്തുകയും തുല്യമായിരുന്നു.

## ഫീൽഡ് പരിശോധന റിപ്പോർട്ട്

WH/211379 പോളയിൽ ഏലാത്തോട് ബണ്ട് സംരക്ഷണം ഫീൽഡ് പരിശോധിച്ചതിൽ നിന്നും, ഏലത്തോട ബണ്ടിന് ഇരുവശവും വൃത്തിയായി ചെത്തിപറച്ചിരിക്കുന്നതായും നല്ല രീതിയിൽ ഒഴുക്ക് ഉള്ളതായും കാണാൻ കഴിഞ്ഞു. എന്നാൽ ചില സ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിച്ച മൂലം ഒഴുക്ക് തടസ്സപ്പെട്ടതായി മനസ്സിലായി.

DP/262553 മണ്ണ് ജലസംരക്ഷണം ( ഖണ്ഡിക 5 പ്രകാരമുള്ള ഗുണഭോക്താക്കൾക്ക്) 5 സ്വകാര്യവ്യക്തികളുടെ പുരയിടങ്ങളിൽ ആണ് പരിശോധന നടത്തിയത്, ഇത് പ്രകാരം 19 മഴക്കുഴികൾ ആണ് കാണേണ്ടിയിരുന്നത് എന്നാൽ 9 എണ്ണം മാത്രമാണ് കാണാൻ കഴിഞ്ഞത്. 7എണ്ണം ഇപ്പോഴും നല്ല രീതിയിൽ ഉപയോഗിച്ചു വരുന്നതായും, 2എണ്ണം വാഴനട്ട നിലയിലും ആയിരുന്നു. മണ്ണുജലസംരക്ഷണമായിരുന്നു എങ്കിലും അതിനോടൊപ്പം കൃഷി ചെയ്യുന്നന്നതായും കാണാൻ കഴിഞ്ഞു. വാഴ, ചേന, ചേമ്പ്, മഞ്ഞൾ, മരച്ചീനി തുടങ്ങിയവയായിരുന്നു പ്രധാന വിളകൾ.

DP/268471 ൽ പാട്ടകൃഷി 10 സ്വകാര്യവ്യക്തികളുടെ പുരയിടങ്ങളിൽ ആയാണ് കൃഷിചെയ്തിരുന്നത്, 9 ഗുണഭോക്താക്കളുടെ പുരയിടങ്ങളിൽ നടത്തിയ കൃഷികൾ കാണാൻ കഴിഞ്ഞു. ചേന, ചേമ്പ്, മഞ്ഞൾ, ഇഞ്ചി, വാഴ, മരച്ചീനി എന്നിവയായിരുന്നു പ്രധാന കൃഷി. പാട്ടകൃഷി ലാഭകരം ആയതിനാൽ വിളവെടുപ്പിനു ശേഷം വീണ്ടും പുതിയ കൃഷി ചെയ്തു വരുന്നതായി കാണാൻ കഴിഞ്ഞു. ഭാർഗ്ഗവൻ മകൻ ബിനു ഭാര്യ സുലേഖ എന്ന ഗുണഭോക്താവവിന്റെ പുരയിടത്തിൽ വീട് വയ്ക്കുന്നതിന് കൃഷി ഒന്നും തന്നെ

കാണാൻ കഴിഞ്ഞിരുന്നില്ല. കൃഷി ചെയ്ത് വിളവെടുക്കുന്നതിന് മൂന്നിലൊന്ന് ഭാഗം ഉടമസ്ഥനും ബാക്കി ഉള്ളവർ തൊഴിലാളികൾ എടുക്കുകയും ചെയ്യുന്നു എന്ന് അറിയാൻ കഴിഞ്ഞു.

## ഡോർ ടു ഡോർ

24/11/2019 ൽ കൺവീനറുടെ നിർദ്ദേശപ്രകാരം മാമംനട ദേവി ക്ഷേത്രത്തിനു സമീപം എത്തുകയും തൊഴിലാളികളെ നേരിൽ കാണുകയും ചെയ്തു. സോഷ്യൽ ഓഡിറ്റിന്റെ പ്രാധാന്യം, തൊഴിലാളികളുടെ പത്ത് അവകാശങ്ങൾ, ജോലി സമയങ്ങളിൽ തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ, സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ ഉദ്ദേശം എന്നിവയെ കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു.

തൊഴിലാളികളുടെ 10 വശങ്ങളെക്കുറിച്ച് അവർക്ക് പറഞ്ഞു മനസിലാക്കി കൊടുത്തു അതിൽ നിന്നും അവർക്ക് ഇതുവരെയും അവരുടെ അവകാശങ്ങളെ കുറിച്ച് അറിവില്ല എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. മുൻകാലങ്ങളിൽ ഫസ്റ്റ് എയ്ഡ് ബോക്സ് പഞ്ചായത്തിൽ നിന്നും ലഭിച്ചുവെന്നും എന്നാലിപ്പോൾ അവരുടെ പണിസ്ഥലത്ത് ഫസ്റ്റ് എയ്ഡ് ബോക്സ് മാറ്റ് തന്നെ കയ്യിൽ നിന്നും പണം മുടക്കി വാങ്ങിയതാണ് എന്ന് അറിയാൻ കഴിഞ്ഞു.

2019 പണി ചെയ്തതിന് വേതനം ഇതുവരെ ലഭിച്ചില്ല എന്നും തൊഴിലുറപ്പ് മാത്രം ആശ്രയിച്ച് കഴിയുന്ന കുടുംബങ്ങൾക്ക് അത് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നു എന്നും എത്രയും വേഗം ഒരു നടപടി ഉണ്ടാകണമെന്നും, കൂടാതെ സൈറ്റിൽ ടാർപ്പോളിൻ ഇല്ല എന്നും അഭിപ്രായപ്പെട്ടു. മുൻകാലത്ത് പണി സ്ഥലത്ത് വെച്ച് അപകടം പറ്റിയ ശകുന്തള ഹിന്ദു എന്നീ തൊഴിലാളികൾക്ക് അവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിച്ചിരുന്നില്ല എന്ന് അവർ അറിയിച്ചു.

**തൊഴിലാളികളുടെ പ്രധാന ആവശ്യങ്ങൾ:-**

✍ പ്രവർത്തി സമയം കുറയ്ക്കണം.

✍ വേദനം കൂട്ടണം

✍ വേദനം കൃത്യസമയത്ത് ലഭിക്കണം.

✍ കാലുറ കയ്യുറ എന്നിവ ലഭ്യമാക്കുക

✍ തൊഴിൽ ദിനങ്ങൾ കൂട്ടണം

✍ തൊഴിലാളികൾക്ക്  യൂണിഫോം നൽകണം.

## ഗ്രാമസഭ റിപ്പോർട്ട്

## ചിറയിൻകീഴ്   ബ്ലോക്ക്

## കിഴുവിലം  ഗ്രാമപഞ്ചായത്ത്

## വാർഡ് നമ്പർ 6 ( മാമംനട)

**അജണ്ട**

1. ഈശ്വര പ്രാർത്ഥന
2. അധ്യക്ഷൻ തിരഞ്ഞെടുപ്പ്
3. പ്രതിജ്ഞ
4. സ്വാഗതം
5. റിപ്പോർട്ട് അവതരണം
6. ചർച്ച
7. തീരുമാനം
8. കൃതജ്ഞത

26/11/2019, കിഴുവിലം ഗ്രാമപഞ്ചായത്ത് (വാർഡ് -6) മാമംനടയിൽ വെച്ച് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കൂടുകയുണ്ടായി. തൊഴിലാളികളിൽ നിന്നും 100 ദിവസം പണിപൂർത്തിയായ വനജ എന്ന തൊഴിലാളി അധ്യക്ഷനായി തെരഞ്ഞെടുത്തു.

തൊഴിലാളികളിൽ നിന്ന് ഒരാൾ ഈശ്വരപ്രാർത്ഥന പാടി. ഇതിനുശേഷം വിആർപി ശ്രീകുട്ടി പ്രതിജ്ഞ പറഞ്ഞു. വിആർപി സുജി പത്ത് അവകാശങ്ങൾ തൊഴിലാളികൾക്ക് പറഞ്ഞുകൊടുത്തു. വിആർപി ശ്രുതി റിപ്പോർട്ട് അവതരിപ്പിച്ചു ഇതിനെത്തുടർന്ന് എഇ സുജ മാഡം തൊഴിലാളികളുമായി സംസാരിച്ചു. ഇതിന് ശേഷം ചർച് ആരംഭിച്ചു.

**<u>ചർച്ച</u>**

തൊഴിൽ ചെയ്ത് വേതനം കൃത്യസമയത്ത് നൽകണമെന്ന് ശശിധരൻനായർ എന്ന തൊഴിലാളി അഭിപ്രായപ്പെട്ടു. സമയം ചുരുക്കൽ വേണമെന്ന് തൊഴിലാളികൾ ഒരുപോലെ അഭിപ്രായം പറഞ്ഞു. തൊഴിൽ വേതനം കൂട്ടണമെന്ന് തൊഴിലാളി വനജ കുമാരി അഭിപ്രായപ്പെട്ടു. വൃദ്ധരായ തൊഴിലാളികളെ കൂടി മറ്റ് തൊഴിലാളികൾ പരിഗണിക്കണമെന്ന മാറ്റ് പറഞ്ഞു. ദൂരസ്ഥലങ്ങളിൽ പണിയുള്ള ദിവസം സമയം 4:30 ആക്കണമെന്ന് ഒരു തൊഴിലാളി അഭിപ്രായപ്പെട്ടു. ഇതിനു ശേഷം A E സുജ മാഡം ഫയലിൽ ചില ക്ലറിക്കൽ മിസ്റ്റേക്ക് ഉണ്ട് എന്നും അത് ഉടനെ പരിഹരിക്കുമെന്നും ഉറപ്പുനൽകി കൂടാതെ എസ്റ്റിമേറ്റിൽ ഉള്ള പണികൾ കൃത്യമായി ചെയ്യണമെന്ന് അഭിപ്രായപ്പെട്ടു. കൂടാതെ എസ്റ്റിമേറ്റിൽ പണികൾ എല്ലാ വാർഡിലെയും പോലെ തന്നെ ഈ വാർഡിലും ചെയ്യണമെന്നും ജോലി ചെയ്യാൻ പറ്റില്ല എന്നും പറഞ്ഞ് മാറ്റിനെ ഒരിക്കലും അപമാനിക്കരുത് എന്നും പറയുകയുണ്ടായി. കൂടാതെ തൊഴിലുറപ്പിൽ വൃദ്ധരായ തൊഴിലാളികളായി വേർതിരിച്ചു നിർത്തരുത് എന്നും തൊഴിലാളികളെ കൂടി സഹായിക്കണമെന്ന് മെമ്പർ വനജകുമാരി അഭിപ്രായപ്പെട്ടു. വൃദ്ധരായ ചില തൊഴിലാളികൾ കമ്മിറ്റികളിലും പ്രോജക്ട് മീറ്റിംഗിലും എത്തുന്നില്ല എന്ന് മേറ്റ് സിന്ധു അഭിപ്രായപ്പെട്ടു. ഇതിന് മറുപടിയായി വി ആർ പി സൂചി പറഞ്ഞു തൊഴിലാളികളുടെ എല്ലാ കമ്മിറ്റികളിലും ഉറപ്പായും പങ്കെടുക്കണമെന്നും പറഞ്ഞു. ഇതിനുശേഷം മെമ്പർ വനജകുമാരി കൃതജ്ഞത പറയുകയും ഇതിനു ശേഷം ദേശീയ ഗാനത്തോടെ നാലുമണിക്ക് ഗ്രാമസഭ പിരിഞ്ഞു.

തയാറാക്കിയത്

VRP പ്രവർണ്ണ, ശ്രീക്കുട്ടി, നിഷ, ശ്രുതി